## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3340

19.10.2016-ൽ
മറുപടിയ്ക്ക്

### മഹാകവി ജി.ശങ്കരക്കുറുപ്പ് സ്മാരക നിർമ്മാണം

**ചോദ്യം**

ശ്രീ. ജോൺ ഫെർണാണ്ടസ്

(എ) മഹാകവി ജി.ശങ്കരക്കുറുപ്പ് സ്മാരക നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിനായി കൊച്ചി നഗരസഭ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ പ്രസ്തുത സ്മാരക നിർമ്മാണത്തിനുള്ള ഭൂമി കൈമാറി-യിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആർക്കാണ് കൈമാറിയതെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

(എ)-യും (ബി)-യും (സി)-യും മഹാകവി ജി.ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിന് കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വേ നമ്പർ 2681-ൽ ഉൾപ്പെട്ട ഒരേക്കർ ഭൂമി കൊച്ചി നഗരസഭയ്ക്ക് കൈമാറുന്നതിന് 20.5.2005-ലെ സ.ഉ.(എം.എസ്)നം.149/2005/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി നഗരസഭയ്ക്ക് കൈമാറുന്നതിന് ബന്ധപ്പെട്ട തഹസിൽദാർക്കും താലൂക്ക് സർവേയർക്കും കൊച്ചി നഗരസഭ അറിയിപ്പ് നൽകിയിട്ടുണ്ട്. ഭൂമി കൈമാറ്റം പൂർത്തിയാകാ-ത്തതിനാൽ മഹാകവി ജി.ശങ്കരക്കുറുപ്പിനുളള സ്മാരക നിർമ്മാണം ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ